
# LK REPORT

2024-25 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്





2024-25 അധ്യയന വർഷം ചോതാവൂർ ഹയർ സെക്കൻഡറി സ്കൂളിൽ എട്ടാം ക്ലാസിൽ 20 കുട്ടികളുള്ള ബാച്ചും ഒമ്പതാം ക്ലാസിൽ 40 കുട്ടികൾ വീതമുള്ള രണ്ട് ലിറ്റിൽ കൈറ്റ്സ് ബാച്ചുകളാണ്  ഉള്ളത്.കൈറ്റ് മാസ്റ്റ്ട്രർ/മിസ്ട്രസ് മാരായ അഷിൻരാജ് എംപി, ഷെറീന എന്നിവരുടെ നേതൃത്വത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**8,9 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ROUTINE ക്ലാസുകളും EXPERT ക്ലാസ്സുകളും നൽകി.**

## ഒൻപതാം തരം

ഒൻപതാം തരത്തിലെ ആനിമേഷൻ, മൊബൈൽ ആപ്പ് നിർമ്മാണം, നിർമ്മിത ബുദ്ധി, ഡെസ്ക്ടോപ്പ് പബ്ലിഷിങ് എന്നിവയിൽ ROUTINE ക്ലാസുകളും റോബോട്ടിക്സ്, ഇലക്ട്രോണിക്സ് എന്നിവയിൽ EXPERT ക്ലാസുകളും നൽകി.



▶ **ഒൻപതാം തരത്തിലെ SCHOOL CAMP**

**ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ് നടത്തി സബ്ജില്ലാ ക്യാമ്പിലേക്കുള്ള കട്ടികളെ തിരഞ്ഞെടുത്തു.**

**NAMHSS പെരിങ്ങത്തൂരിൽ വച്ച് നടന്ന സബ്ജില്ലാ ക്യാമ്പിൽ മുഹമ്മദ് അർമാൻ ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ നേടി**

## എട്ടാം തരം

**എട്ടാം തരത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഹൈടെക് ഉപകരണങ്ങളുടെ സജ്ജീകരണവും പരിപാലനവും പരിചയപ്പെടുത്തുകയും ഗ്രാഫിക് ഡിസൈനിങ്, ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, വിഷ്വൽ പ്രോഗ്രാമിങ് എന്നിവയിൽ ROUTINE ക്ലാസുകൾ നൽകുകയും ചെയ്തു**



**PRILIMINARY CAMP FOR 8TH**



രക്ഷിതാക്കൾക്ക് ബോധവല്കരണക്ലാസ് നടത്തി




## സൈബർ സെക്യൂരിറ്റി അവേർണസ് ക്ലാസ്

സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒമ്പതാം തരത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ സൈബർ സെക്യൂരിറ്റി അവേർണസ് ക്ലാസ് എടുത്തു







# ROBOTICS FEST

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ റോബോട്ടിക് ഫെസ്റ്റിന് റോബോട്ടിക് എക്സിബിഷൻ, ഫ്രീ സോഫ്റ്റ്‌വെയർ ഫെസ്റ്റ്, ഗെയിംസ് എക്സിബിഷൻ, 2D ആനിമേഷൻ എന്നിവ സംഘടിപ്പിച്ചു












# COMPUTER AWARENESS CLASS FOR PARENTS

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കുള്ള
കമ്പ്യൂട്ടറിന്റെ സാക്ഷരതാ ക്ലാസ്സ് നൽകി









# ലിറ്റിൽ കൈറ്റ്സ്
# E-PAPER



# ദർപ്പണം

2024 ആഗസ്റ്റ് 26 — 2

DESIGNED AND PUBLISHED FOR LIBRARY CLUB , CHSS.

### വയനാടിനെ വീണ്ടെടുക്കൽ
## കൈകോർത്ത് ചോതാവൂരും

പാനൂർ : ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ട വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലുമുള്ള ദുരിതബാധിതരെ തിരികെ ജീവിതത്തിലേക്ക് കൈപിടിച്ചു നടത്താൻ കൈത്താങ്ങുമായി ചോതാവൂർ സ്കൂളും. ദുരിത ബാധിതർക്കായി സ്കൂൾ മഖേന സമാഹരിച്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കുള്ള തുക 31630 രൂപ, സി എം ഡി ആർ എഫ് അക്കൗണ്ടിലേക്ക് പാനൂർ ട്രഷറിയിൽ നിക്ഷേപിച്ചു.





വയനാട് പുനരുദ്ധാരണത്തിന്നായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് ഭാരത് സ്കൗട്ട് & ഗൈഡ്സ് സമാഹരിക്കുന്ന ഫണ്ടിലേക്ക് ചോതാവൂർ എച്ച് എസ്.എസ് സ്കൗട്ട് , ഗൈഡ് യൂണിറ്റംഗങ്ങൾ നല്കിയ സംഭാവന തുക 8200 രൂപ ഹെഡ്മാസ്റ്റർ കെ പി ജയരാജൻ മാസ്റ്റർ ഭാരത് സ്കൗട്ട് & ഗൈഡ്സ് ചൊക്ലി ലോക്കൽ സെക്രട്ടറി അർജ്ജുൻ മാസ്റ്റർക്ക് കൈമാറി, ചടങ്ങിൽ കെ കെ ഗിരിജ ടീച്ചർ , ടി എം അഷ്റഫ് മാസ്റ്റർ, ഹർഷ ടീച്ചർ, പ്രിൻസ് മാസ്റ്റർ, സാഗർ മാസ്റ്റർ, സബിൻ മാസ്റ്റർ എന്നിവർ സംബന്ധിച്ചു.

### വയനാടിന്റെ പുനർജീവനായി അവന്തികയുടെ വരയും
### മിർസൈന്റെ സമ്പാദ്യ കുടുക്കയും ............

പാനൂർ . പ്രകൃതി ദുരന്തമേല്പിച്ച ആഘാതത്തിൽ സർവ്വതും നഷ്ടപ്പെട്ട വയനാട്ടിലെ ചൂരൽമലയിലെയും മുണ്ടക്കൈയിലെയും സഹജീവികൾക്ക് പുതു ജീവിതം നല്കാനുള്ള സർക്കാർ സംരംഭങ്ങൾക്ക് പിന്തുണയായി ചോതാവൂരിലെ വിദ്യാർത്ഥികൾ നല്കിയ സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലെത്തുമ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ എന്നും മുമ്പേ കുതിക്കുന്ന ചോതാവൂരിന്റെ പാരമ്പര്യത്തിന് നിറം പകരുകയാണ് അവന്തികയുടെ ചിത്രം വിറ്റ്കിട്ടിയ തുകയും , അഞ്ചാം ക്ലാസ്സിലെ കൊച്ചുമിടുക്കൻ മിർസൈന്റെ സമ്പാദ്യ കുടുക്ക പൊളിച്ച് കിട്ടിയ പണവും.വയനാട് ദുരന്ത പാശ്ചാത്തലത്തിൽ കൊമ്പന്റെ മുമ്പിൽപ്പെട്ട കുടുംബത്തെ വരച്ച് വൈറലായ അവന്തികയുടെ ചിത്രം വിറ്റ് കിട്ടിയ അയ്യായിരം രൂപയും , മിർസൈന്റെ സമ്പാദ്യ കുടുക്കയിലെ തൊള്ളായിരത്തി ഇരുപത് രൂപയും വയനാടിനായി സമർപ്പിക്കുമ്പോൾ വളർന്നു വരുന്ന പുതുതലമുറയുടെ സഹജീവി സ്നേഹത്തിൽ നമുക്കും അഭിമാനിക്കാം .





### രാമായണ പ്രശ്നോത്തരിയിൽ
### തിളങ്ങി, ചോതാവൂർ....

അരയാക്കൂൽ . ചൊക്ലി ഉപജില്ല സംസ്കൃത രാമായണ ക്വിസ് മത്സരത്തിൽ ചോതാവൂർ തിളക്കം. എൽ പി വിഭാഗത്തിൽ പ്രിത്യുക മൂന്നാം സ്ഥാനവും , എച്ച് എസ് വിഭാഗത്തിൽ ശിഖാനയും ദേവ എസും രണ്ടാം സ്ഥാനവും നേടി



പ്രത്യുക എം വി



ദേവ എസ്



ശിഖാന പി വി



### സ്കൂൾ പ്രവൃത്തി പരിചയ മേള വെള്ളിയാഴ്ച നടക്കും

ഈ വർഷത്തെ സ്കൂൾ പ്രവൃത്തി പരിചയമേള ആഗസ്റ്റ് 30 വെള്ളിയാഴ്ച നടക്കും . പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ നാളെ (ചൊവ്വ ) പേര് നല്കണം
മത്സര ഇനങ്ങളുടെ ലിസ്റ്റ് ക്ലാസ്സ് ഗ്രൂപ്പുകളിലൂടെ അറിയാം

### കണക്കിലെ മിടുക്കൻമാർക്ക് ജ്യോമിതി മാജിക്കുമായി
## ജോമട്രിക് ചാർട്ട് പരിശീലന കളരി

ചോതാവൂർ . കണക്കിലെ മിടുക്കൻമാർക്ക് കൗതുകമേറ്റുന്ന രൂപങ്ങളുണ്ടാക്കുന്ന ജ്യാമിതിയ പരിശീലനവുമായി ചോതാവൂർ എച്ച് എസ് എസ്, ഗണിതശാസ്ത്ര ക്ലബ്. ജ്യാമിതിയ രൂപങ്ങളുടെ വരയിലെ തന്ത്രങ്ങൾ കുട്ടികളിലെത്തിക്കാനുള്ള പരിശീലന പരിപാടിക്ക് പ്രമുഖ ഗണിതശാസ്ത്രാധ്യാപകൻ കെ പി സഹദേവൻ മാസ്റ്റർ നേതൃത്വം നല്കി. എൽ പി,യു പി , ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നായി എൻപതിലധികം വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കാളികളായി. പരിശീലനത്തിലൂടെ വിദ്യാർത്ഥികൾ വരച്ച ചാർട്ടുകൾ പ്രദർശിപ്പിക്കുകയും ചെയ്തു. പരിശീലനത്തിന് ഗണിത ശാസ്ത്ര അധ്യാപകരായ നന്ദൻ മാസ്റ്റർ, സനിൽ മാസ്റ്റർ ദീപ ടീച്ചർ, സന്ധ്യ ടീച്ചർ ആർ ഷിബ ടീച്ചർ എന്നിവർ സന്നിഹിതരായി.






ലിറ്റിൽ കൈറ്റ്സ് E-PAPER പ്രകാശനം ചെയ്തു.

## സ്കൂൾ കലോത്സവത്തിന്റെ ഫോട്ടോസും വീഡിയോസും എടുത്ത് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ താരങ്ങളായി












**സ്കൂൾ കലോത്സവത്തിന്റെ സർട്ടിഫിക്കറ്റുകൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പ്രിൻറ് എടുത്തു**





**ലിറ്റിൽ കൈറ്റ്സ് സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അർമാൻ**




## ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ സാന്നിധ്യത്തിൽ സ്കൂൾ ഇലക്ഷൻ നടന്നു





# പരിസ്ഥിതി ദിനത്തിൽ വിദ്യാർത്ഥികളും അധ്യാപകരും വിവിധ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വെച്ച് പിടിപ്പിച്ചു











# റോബോട്ടിക്ക്സ് ക്ലാസ്

## എട്ടാം തരത്തിലെ വിദ്യാർത്ഥികൾക്ക് ഒമ്പതാം തരത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ റോബോട്ടിക്ക് ക്ലാസ് എടുത്തു







**PREPARED BY LITTLE KITES CHOTHAVOOR**